വനത്തിൽകൂടി വെട്ടിയ റോഡുകൾ

290 [430] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള:
,, സി. കെ. തങ്കപ്പൻ:
,, സി. പി. മൂസ്സാൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും കഴിഞ്ഞ ആറു മാസത്തിനുള്ളിൽ വനം വകുപ്പിന്റെ അനുമതിയില്ലാതെ വനത്തിൽകൂടി റോഡ് വെട്ടിയിട്ടുണ്ടോ;

(ബി) അഞ്ചൽ റേഞ്ചിലെ നിബിഡവനത്തിലൂടെ റോഡു നിർമ്മിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര കിലോമീറ്റർ റോഡാണ് നിർമ്മിച്ചത്;

(സി) ഇതിന്റെ പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ, ബി) കല്ലട പ്രോജക്ടിന്റെ ആവശ്യത്തിലേക്കായി അഞ്ചൽ റേഞ്ചിൽ വിട്ടുകൊടുത്തിരുന്ന ഭൂമിയോടടുപ്പിച്ചുള്ള റിസർവ്വ് വനത്തിൽകൂടി റോഡ് വെട്ടിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് 3.6 കി.മീ. നീളം വരും.

(സി) അനധികൃതമായി മരംമുറിച്ചതിനും റോഡ്വെട്ടിയതിനും ബന്ധപ്പെട്ട കരാറുകാരന്റെയും ഉദ്യോഗസ്ഥൻമാരുടേയും പേരിൽ കേസ് എടുത്തിട്ടുണ്ട്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും അനധികൃതമായി പ്രവേശിച്ചവരുടെയും പേരിൽ കേസ് എടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഇതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ആരെല്ലാമാണ്? ബന്ധപ്പെട്ട പ്രമുഖരായ നേതാക്കൻമാർ ആരെല്ലാമാണ്? ഇത്തരം കാര്യങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കല്ലട പ്രോജക്ടിനുവേണ്ടി മാറ്റിവച്ച സ്ഥലത്തിന്റെ തൊട്ടടുത്താണ് റോഡ് വെട്ടിയിട്ടുള്ളത്. റോഡ് വെട്ടുന്നതിന്റെ ചുമതല വഹിച്ചിരിക്കുന്നത് അവിടത്തെ പ്രോജക്ട് എഞ്ചിനീയറാണ്. അദ്ദേഹത്തിന്റെ പേരിൽ കേസ് എടുത്തിട്ടുണ്ട്. മറ്റ് ഉദ്യോഗസ്ഥൻമാരും കരാറുകാരും കേസിൽ പെട്ടിട്ടുണ്ട്. രാഷ്ട്രീയ നേതാക്കൻമാർ കേസിൽ പെട്ടിട്ടുണ്ടോ എന്ന് ഇതുവരെ വിവരം കിട്ടിയിട്ടില്ല.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: ഫോറസ്റ്റ് കൺസർവേഷൻ ആക്ട് നിലവിലിരിക്കുന്ന സാഹചര്യത്തിൽ വനപ്രദേശത്തുകൂടി റോഡുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ രീതിയിൽ കേന്ദ്രഗവൺമെന്റിന്റെ അനുമതി തേടുന്നതിന് ഈ ഗവൺമെന്റ് പരിശ്രമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതു കാര്യത്തിനെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഒരുപാട് റോഡിനു വേണ്ടി അനുവാദം തേടിയിട്ടുണ്ട്. ഓരോ റോഡിന്റെയും കാര്യം ഇപ്പോൾ പറയാൻ കഴിയുകയില്ല. കല്ലട പ്രോജക്ടിനോട് അനുബന്ധിച്ചുള്ള റോഡിന്റെ കാര്യം മാത്രമേ ഇപ്പോൾ എനിക്ക് പറയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. തങ്കപ്പൻ: വനത്തിൽകൂടി വെട്ടിയ റോഡിനെക്കുറിച്ചാണ് ചോദ്യം. വനാന്തർഭാഗത്തുള്ള ആദിവാസികേന്ദ്രങ്ങളിലേക്ക് സ്വതന്ത്രമായി സഞ്ചരിക്കാൻ വഴിയില്ലാത്തതുകൊണ്ട് ആ ആദിവാസി കേന്ദ്രങ്ങളിലേക്ക് റോഡ് വെട്ടിത്തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും പരാതി സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്തുനിന്നും അങ്ങേക്ക് ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന് എന്ത് പരിഹാരനിർദ്ദേശമാണ് അങ്ങ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: പല സ്ഥലങ്ങളിലും റോഡുകൾ വേണമെന്നു പറഞ്ഞ് നിവേദനങ്ങൾ കിട്ടാറുണ്ട്. അവ കിട്ടുന്ന മുറയ്ക്കു തന്നെ അതിന്റെ അന്വേഷണം നടത്താനും നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് മുന്നോട്ടുവന്നിട്ടുണ്ട്.

ശ്രീ. സി. കെ. തങ്കപ്പൻ: വനത്തിനകത്ത് കഴിഞ്ഞുകൂടുന്ന ആദിവാസികേന്ദ്രങ്ങളിൽ യഥാർത്ഥത്തിൽ റോഡ് വെട്ടണമെന്നുള്ളതു ഒരു ആവശ്യമാണ്. എന്നാൽ ഇന്ന് അങ്ങനെയൊരു റോഡ് വെട്ടുന്നതിന് കേന്ദ്രവനസംരക്ഷണനിയമം തടസ്സമായി നിൽക്കുന്നു എന്നു കേൾക്കുന്നു. ആ നിയമതടസ്സം നീക്കി അവർക്കെല്ലാം സ്വതന്ത്രമായി റോഡ് വെട്ടിക്കൊടുക്കുവാനുള്ള ഒരു നടപടിക്ക് അങ്ങ് കേന്ദ്രസർക്കാരുമായി സഹകരിച്ച് വേണ്ടത് ചെയ്യുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: പൊതുവായിട്ട് എല്ലാ സ്ഥലങ്ങളിലും റോഡുകൾ വെട്ടണമെന്ന ഒരു സമീപനം വനംവകുപ്പിനില്ല. അത് വനസംരക്ഷണത്തിനുതന്നെ ചിലപ്പോൾ എതിരായിട്ടുവരും. എന്നാൽ അത്യാവശ്യം വേണ്ടുന്ന സ്ഥലങ്ങളിൽ റോഡുവെട്ടുന്നതിനുവേണ്ടി ഇന്നു ഗവൺമെന്റിന്റെ മുമ്പാകെ ഞങ്ങൾ പ്രശ്നങ്ങൾ അവതരിപ്പിക്കാറുണ്ട്.

ശ്രീ. എ. ജോർജ്ജ്: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ കല്ലട ഇറിഗേഷൻ പദ്ധതിക്കുവേണ്ടി കൊടുത്ത പ്രദേശത്തിനു സമീപത്തുകൂടി വനങ്ങളിൽകൂടി റോഡ് വെട്ടിയതായിട്ട് റിപ്പോർട്ട് കൊടുത്തു എന്നു പറഞ്ഞു. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഫോറസ്റ്റു ഡിപ്പാർട്ടുമെന്റുമായി ഒരു സംയുക്ത വെരിഫിക്കേഷനുശേഷമാണോ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഈ ഫോറസ്റ്റ് ഏരിയായിൽക്കൂടി വഴി വെട്ടാനുള്ള നിഗമനത്തിലെത്തിയത്? അതോ ഏകപക്ഷീയമായി ഫോറസ്റ്റുഡിപ്പാർട്ടുമെന്റ് വനപ്രദേശങ്ങളിൽകൂടിയുള്ള വഴിയാണ് എന്നുള്ള തീരുമാനത്തിൽ എത്തുകയായിരുന്നോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: സ്ഥലം പരിശോധന നടത്തിയിട്ടുള്ളത് വനംവകുപ്പിലെ ഉദ്യോഗസ്ഥൻമാരാണ്. പക്ഷേ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻമാർ അതു സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായം പറയുകയുണ്ടായി. എന്തായിരുന്നാലും വേണ്ടിവന്നാൽ പ്രത്യേകമായി ആ സ്ഥലം സർവ്വേ ചെയ്യാനുള്ള നടപടി സ്വീകരിക്കാം. ഇത് 1962 മുതൽ ആരംഭിച്ച പദ്ധതി പ്രവർത്തനങ്ങളാണ്. 1963–ൽ ആണ് സ്ഥലം വിട്ടു കൊടുത്തത്. അതുകാരണം സർവ്വേ ചെയ്തത് അതിർത്തി തിട്ടപ്പെടുത്താൻ പഴയതിൽനിന്നും എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് വിശദമായി പരിശോധിക്കാനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ: വനനശീകരണത്തിന് ഏറ്റവുംകൂടുതൽ പ്രോൽസാഹനം കൊടുത്തിട്ടുള്ളത് വനത്തിനുള്ളിൽകൂടിയുള്ള റോഡുകളാണ്. ഗവൺമെൻറ് മുൻകാലങ്ങളിൽ വളരെ കൺസർവേറ്റീവായിരുന്നു റോഡ് വനത്തിൽകൂടി വെട്ടുക എന്നു പറയുന്നതിൽ. എന്തെങ്കിലും തൽക്കാലാവശ്യത്തിനുവേണ്ടി വനത്തിൽകൂടി റോഡ് വെട്ടേണ്ടതായി വന്നാൽ ആ ആവശ്യം കഴിഞ്ഞാൽ റോഡ് ഇല്ലാതാക്കുന്ന പരിപാടി ഗവൺമെൻറ് ചെയ്യുന്നുണ്ടോ? ഇല്ലെങ്കിൽ അത് ചെയ്യുന്നതിന് ഗവൺമെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: പൊതുവേ ഞാൻ നേരത്തേ പറഞ്ഞു വനത്തിൽക്കൂടി റോഡ് വെട്ടുന്നത് ഇപ്പോൾ ഗവൺമെൻറ് പ്രോൽസാഹിപ്പിക്കുന്നില്ല എന്ന്. ഈ റോഡ് പ്രോജക്ട് ആവശ്യത്തിനുവേണ്ടി പ്രോജക്ട് ആഫീസർമാരാണ് വെട്ടിയിട്ടുള്ളത്. ആ പ്രോജക്ടിന് സ്ഥിരമായിട്ട് ആവശ്യമുണ്ടോ എന്നു തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കേണ്ടത് അവരാണ്. ഇതിൽ അനധികൃതമായ സംഭവങ്ങൾ നടന്നിട്ടുണ്ട് എന്നതിന്റെ പേരിലാണ് ഇവരുടെ പേരിൽ കേസ് എടുത്തിട്ടുള്ളത്.

ശ്രീ. എ. കെ. പത്മനാഭൻ: ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റെ പരിധിയിൽപ്പെടുകയില്ലെന്നു വ്യക്തമായിട്ടും പേരാമ്പ്ര പ്ലാന്റേഷൻ കോർപ്പറേഷന്റെ വികസനത്തിനുവേണ്ടി സർക്കാർ നീക്കിവച്ച ഭൂമിയിലേക്ക് പ്ലാന്റേഷൻ കോർപ്പറേഷൻ അധികൃതർ റോഡ് വെട്ടിയപ്പോൾ ഫോറസ്റ്റ് അധികൃതർ അതിനെ തടസ്സപ്പെടുത്തിയതായ വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അവിടെ ഒരു പ്രശ്നം ഉള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതേക്കുറിച്ച് പരിശോധിക്കാൻ കസ്റ്റോഡിയനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

കായിക താരങ്ങൾക്ക് പാരിതോഷികങ്ങൾ

* 291 [431] ശ്രീ. ജോസ് കുറിയാനി:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, സ്റ്റീഫൻ പാടുവ:
,, കെ. രാഘവൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയതലത്തിലും, അന്തർദ്ദേശീയ തലത്തിലും മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന സംസ്ഥാനത്തെ കായിക താരങ്ങൾക്ക് ഗവൺമെൻറ് എന്തെല്ലാം പാരിതോഷികങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): ദേശീയ മൽസരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന കേരളീയ കായികതാരങ്ങൾക്ക് താഴെ പറയുന്ന നിരക്കിൽ ക്യാഷ് അവാർഡുകൾ അനുവദിച്ചു വരുന്നു.

സീനിയർ ചാമ്പ്യൻഷിപ്പ്:

ഒന്നാം സ്ഥാനം	1,000 രൂപ
രണ്ടാം സ്ഥാനം	500 രൂപ
മൂന്നാം സ്ഥാനം	250 രൂപ

ജൂനിയർ ചാമ്പ്യൻഷിപ്പ്:

ഒന്നാംസ്ഥാനം	500 രൂപ
രണ്ടാം സ്ഥാനം	250 രൂപ
മൂന്നാം സ്ഥാനം	125 രൂപ

LIBRARY ARCHIVES Kerala Legislative Assembly